# ചുവന്ന കണ്ണുകളും, കൂർത്തനഖവും പല്ലുകളുമുള്ളവർ

**- വർഗീസ് ഏബ്രഹാം ഡെൻവർ**

*രണ്ടായിരത്തിപതിനൊന്നിൽ നാട്ടിൽ നിന്നും എനിയ്ക്കൊരു ഫോൺകോൾ വന്നു, എന്റെ ഏക സഹോദരിയിൽ നിന്നും. അവളുടെ ഏകമകന്റെ വിവാഹം! ഞാൻ തീർച്ചയായും വരണം അതാണു ഫോൺ മെസേജിന്റെ രത്നച്ചുരുക്കം! എന്റെ എല്ലാ സഹോദരങ്ങളുടെയും വിവാഹത്തിനു സംബന്ധിക്കാൻ സാധിക്കാതെ പോയ ഒരു ഹതഭാഗ്യനാണു ഞാൻ. ഞാനും, എന്റെ ജേഷ്ടനുമടങ്ങുന്ന ഒരു രണ്ടംഗ ടീം അമേരിക്കയിൽ നിന്നും വിമാനം കയറി.*

*കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞു ഇറങ്ങി വന്നപ്പോൾ അടുത്തുള്ള ഒരു ബാങ്ക് കൗണ്ടറിൽ നിന്നും രണ്ടു കറുത്ത തടിമാടൻമാരുടെ കണ്ണുകൾ ഞങ്ങളുടെ നേരെ തിരിഞ്ഞു. അവർ ഞങ്ങളെ കൈ കൊട്ടിവിളിച്ചു. രണ്ടു പേരേയും കണ്ടാൽ എന്തോ പന്തികേടുള്ളതായി തോന്നും. ഏതോ തമിഴ് സിനിമയിലെ വില്ലൻമാരെ പോലെ. കൈ കൊട്ടിവിളിച്ചവർ ഡോളർ മാറിത്തരുന്ന ബാങ്കുകാരാണ്. അവർ രണ്ടു പേരും കൊടും തമിഴിലാണ് സംസാരം. സമയം ഞായറാഴ്ച രാവിലെ ഏഴുമണി. ഒരു നാടൻ ചായയും എന്തെങ്കിലുമൊരു കടിയും കിട്ടിയിരുന്നെങ്കിൽ? പതിനെട്ടു വർഷക്കാലം നാടു കാണാതെ ഒരു പുഷ്ക്കര ദ്വീപത്തിൽ കഴിച്ചു കൂട്ടിയ എന്റെ ജേഷ്ടനു ഒരു നാടൻ ബ്രേക്ക്-ഫാസ്റ്റ് വിശാലമായി തന്നെ കഴിയ്ക്കണമെന്നു കൂടെ കൂടെ പറയുന്നുണ്ടായിരുന്നു. തമിഴൻമാർക്കു ഏതോ കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥരേ പോലെയുള്ള അധികാരത്തിന്റെ ചുവയുള്ള പെരുമാറ്റം. അവൻമാരുടെ ചുവന്ന കണ്ണുകൾ കൊണ്ടുള്ള അമാന്യമായ നോട്ടവും, പെരുമാറ്റവും എനിയ്ക്കു തീരെ സുഖിച്ചില്ല. 'അരുത്' എന്ന താക്കീതു ഭാവത്തിൽ ജേഷ്ടൻ എന്നെ ഒന്നു നോക്കി. ജന്മനാ ലഭിച്ച ആ തന്റേടം അല്പം കൂടെ ഇപ്പോഴും എന്റെ സിരകളിൽ കൂടെ ഓടുന്നുണ്ട്. അതു ജേഷ്ടനു നന്നായി അറിയാം. അദ്ദേഹമാണങ്കിൽ ഒരു മിതഭാഷിയും. സായിപ്പിന്റെ കൂടെ പത്തു നാല്പതു വർഷക്കാലം ജോലി ചെയ്തു ആ പഴയ തന്റേടമെല്ലാം ഏകദേശം ചോർന്നു പോയവനാണ് ഈ ഞാൻ. എങ്കിലും......!*

*ജേഷ്ടൻ ഒരു അഞ്ഞൂറു ഡോളർ ക്യാഷ് എടുത്തു അവരുടെ കൈവശം കൊടുത്തു. ഇപ്പോൾ കൊടുംതമിഴിൽ നിന്നും വഴുതി അവർ മലയാളവും, ഇംഗ്ലീഷും ചേർത്ത തമിഴിലായി സംസാരം. ചൂണ്ടു വിരൽ ചലിപ്പിച്ചു കൊണ്ടു പാസ്പോർട്ടിനു വേണ്ടി ആംഗ്യഭാഷയിൽ ഒരുവൻ ഞങ്ങളെ നോക്കി. അതിൽ നിന്നും എന്തോ കുറിച്ചെടുത്തിട്ടു അവർ ജനുവിൻ ആണന്നു ഞങ്ങളെ തോന്നിപ്പിക്കുമാറ് വിശ്വാസം ഉറപ്പുവരുത്തി. ഇന്നു കേരളത്തിൽ വിശ്വാസമാണല്ലോ എല്ലാം! ആ വിശ്വാസം കൈയ്യിലെടുത്താണല്ലോ കേരളീയരെ വഞ്ചിക്കുന്നതും? ഇന്നു ഞായറാഴ്ചയായതിനാൽ ഡോളറിന്റെ വിനിമയ നിരക്കു എത്രയെന്നു പറയാൻ മേല, അതുകൊണ്ടു കഴിഞ്ഞ വെള്ളിയാഴ്ചത്തെ നിരക്കിൽ രൂപാ തരാനേ പറ്റുള്ളു എന്നായി അവർ. ചായ കുടിക്കണം, ടാക്സിക്കാരനു കൂലി കൊടുക്കണം..... എന്തുമാവട്ടെ എന്നു കരുതി ഞങ്ങൾ സന്തോഷവാൻമാരായി അവർ തന്നെ ഒരു കെട്ടു രൂപയുമായ് യാത്രയായി.*

*തിങ്കളാഴ്ച രാവിലെ ഞങ്ങളുടെ ഗ്രാമത്തിലെ ബാങ്കിൽ ചെന്നപ്പോഴാണറിഞ്ഞതു ഞങ്ങൾ തട്ടിപ്പിനിരയായന്ന്. അവർ പറഞ്ഞ, ആ കഴിഞ്ഞ വെള്ളിയാഴ്ചത്തെ നിരക്കിൽ നിന്നും ഒരു ഡോളറിനു പത്തു രൂപയോളം കുറച്ചാണു ആ കൊള്ളക്കാർ നൽകിയത്. ചോദിക്കാനും, പറയാനും നിയമ സംവിധാനമുള്ള ഒരു അമേരിക്കൻ സിസ്റ്റത്തിൽ വർഷങ്ങൾ ചിലവഴിച്ച ഞങ്ങൾ നൂറ്റിഎൺപതു ഡിഗ്രി ഓപ്പസിറ്റായിട്ടുള്ള ഒരു 'പുതിയ സംസ്കാരത്തി' ലേക്കാണു എത്തിയതെന്നു ചിന്തിക്കാൻ മറന്നു പോയി. എയർ പോർട്ടിൽ കാലുകുത്തുന്ന സമയം മുതൽ*

വിദേശ മലയാളിയെ ലക്ഷ്യം വച്ചു കൂർത്ത നഖവും, പല്ലുകളുമുള്ള എത്രയെത്ര ചുവന്ന കഴുകൻ കണ്ണുകൾ......! കേരള ആഭ്യന്തരമന്ത്രി ഒരിക്കൽ പറഞ്ഞു തട്ടിപ്പുകാരുടെ കാര്യത്തിൽ കേരളം രണ്ടാം സ്ഥാനത്താണ് എന്ന്. ഇനിയും എന്നാണ് ആ ഒന്നാം സ്ഥാനത്തെത്തുന്നത്?

രണ്ടാം പുറം. ഈ വർഷം ജൂലൈ മാസത്തിൽ ഇന്ത്യയിൽ നിന്നും ഒരു കോൾ കിട്ടി. ഫോണിന്റെ അങ്ങേതലയ്ക്കൽ ഒരു സുന്ദരിയുടെ ശബ്ദം! സംസാരത്തിൽ നിന്നും മനസിലായി പെണ്ണ് ഡൽഹിക്കാരിയെന്ന്. ഭാരത മഹാരാജ്യത്തു ജനിച്ചവനെങ്കിലും പെണ്ണിന്റെ ഇംഗ്ലീഷു വാചകങ്ങൾ വീണ്ടും വീണ്ടും ആവർത്തിച്ചതിനു ശേഷമേ വിളിയുടെ സാരം എന്തെന്നു മനസിലായുള്ളു. അവൾ പറഞ്ഞു 'നിങ്ങളുടെ കമ്പ്യൂട്ടറിനെന്തോ തകരാറുണ്ട്...' ഞാൻ കമ്പ്യൂട്ടർ ഓണാക്കിയാൽ അവൾ പ്രശ്നം എന്തെന്നു കാണിച്ചുതരാമെന്നും മറ്റും, മറ്റും. എണ്ണായിരത്തിൽപരം മൈലുകളകലെയുള്ള എന്റെ കമ്പ്യൂട്ടറിന്റെ തകരാറു അവൾക്കു ഡൽഹിയിലിരുന്നു മനസിലായിരിക്കുന്നു? ഇതുകേട്ടാൽ തോന്നും എന്റെ കമ്പ്യൂട്ടറിന്റെ ഓരോ ചലനവും അവൾ ദിനം പ്രതി വീക്ഷിച്ചു കൊണ്ടേയിരിക്കയാണന്ന്. ഇത്രമാത്രം കൺസേൺ എന്റെ ഭാര്യയോ കുട്ടികളോ കാണിച്ചിരുന്നെങ്കിൽ....?

മായാജാലക്കാരുടെയും, ഭാവിനോക്കി പ്രവചിക്കുന്നവരുടെയും, ആൾ ദൈവങ്ങളുടെയും കൂടെ നാടാണല്ലോ ഭാരതം? അപ്പോൾ അവൾക്കവിടെയിരുന്നു ഒരു മെന്റൽവൈബ്രേഷൻ ഉണ്ടായതിൽ ഞാൻ അതിശയിക്കാനെന്തിരിക്കുന്നു? പെണ്ണു ചോദിച്ചാൽ നിരസിക്കാൻ തക്കവണ്ണം എന്റെ ഹൃദയം കല്ലല്ല, എങ്കിലും അയാം ഓക്കെ എന്നു പറഞ്ഞു അവളുടെ സഹായമനസ്ഥിതിയെ ഞാൻ അപ്പാടെ തള്ളിക്കളഞ്ഞു.

സംഗതിയുടെ കിടപ്പുവശം മാറിമറഞ്ഞതു നമ്മുടെ ബിൽഗേറ്റ്സ് 'വിൻഡോസ് പത്ത് എന്ന പരിപാടിയുമായി വന്നപ്പോഴാണ്. വെറുമൊരു വിൻഡോസ് എട്ടുമായി വളരെ സന്തോഷവാനായി നടന്ന ഞാൻ വിൻഡോസ് പത്തു ഫ്രീയായി കിട്ടുമെന്നറിഞ്ഞപ്പോൾ.....! ഞാനും ഒരു മലയാളിയല്ലെ...? ഫ്രീയായിട്ടെല്ലാം കിട്ടണമെന്നാഗ്രഹിക്കുന്നവൻ....! ഞാൻ വിൻഡോസ്പത്ത് ഡൗൺലോഡു ചെയ്തു. എനിയ്ക്കു 'ഡൗൺലോഡ്', 'അപ്ലോഡ്','ബൂട്ടിംഗ്', 'വൈറസ്', 'ബഗ്സ്' ,'മൗസ്' എന്നൊക്കെ പറയുന്ന ഫോറിൻ ഭാഷ ഇന്നും അന്യമാണ്.

വിൻഡോസ് പത്ത് കഷ്ടിച്ചൊരു ദിവസം എന്റെ കമ്പ്യൂട്ടറിൽ കഴിച്ചു കൂട്ടി. പിന്നീടത് അപ്രത്യക്ഷമായി. ഞാൻ മുമ്പു കേട്ടിട്ടുണ്ടു ചില കമ്പ്യൂട്ടറിനു മെമ്മറി തീരെ കുറവാണന്ന്. മെമ്മറി കുറവുള്ള ധാരാളം ആളുകളെ നേരിൽ കണ്ടിട്ടുണ്ട്. ഒരു 'മരുന്നു കച്ചവടതൊഴിലാളി' യായ ഞാൻ 'ആരിസെഫ്റ്റി' നേ പറ്റി പഠിച്ചിട്ടുണ്ട്. അതെന്റെ ജോലിയുടെ ഒരു ഭാഗമായതു കൊണ്ടു മാത്രം. ആരിസെഫ്റ്റു കഴിക്കുന്ന രോഗിക്ക് ഞങ്ങളുടെ ഡ്രഗ്സ് എടുക്കാൻ പാടില്ല പോലും; ഇന്ററാക്ഷൻ! ഈ സിദ്ധൗഷധം മനുഷ്യന്റെ മെമ്മറിക്കുറവിനുള്ള ഒരു പരിഹാരമാണ്. എന്റെ കമ്പ്യൂട്ടറിനു ആരിസെഫ്റ്റു കൊണ്ടു എന്തു പ്രയോജനം? ഞാൻ ബിൽഗേറ്റ്സിന്റെ അണികളെ വിളിച്ചു. അവർ ഇന്ത്യയിലേക്കു എന്നെ റെഫർ ചെയ്തു. ഒച്ചിഴയും പോലെ കാര്യങ്ങൾ നീങ്ങുന്ന ഒരു നാട്ടിൽ നിന്നും ഒരു കണക്കിൽ രക്ഷപെട്ടു വന്ന ഞാൻ വീണ്ടും ഇവൻമാരുമായി വേണമല്ലോ ഇടപെടേണ്ടതെന്നു ഓർത്തപ്പോൾ ഒരു ഭീതി എന്റെ മനസിനെ കീഴ്പെടുത്തി. ഒരു നിമിഷം പോലും കമ്പ്യൂട്ടർ ഇല്ലാതെ ജീവിക്കാൻ മേല എന്ന ഒരു സ്ഥിതിയിലുമാണു ഞാൻ. ഇതൊരു മെന്റൽ ഇഷ്യൂ ആണന്നാണു സമീപകാലത്തു വായിച്ചത്.

എന്റെ 'അനുവാദത്തോടു' കൂടി ഇന്ത്യയിലെ ടെക്കിയിലൊരുവൻ എന്റെ കമ്പ്യൂട്ടറിനകത്തു കയറി. ഇപ്പോഴാണെനിക്കു മൗസിന്റെയൊക്കെ ശരിയായ അർത്ഥം മനസിലായി വരുന്നത്. എവിടെയും കടന്നു കയറുന്നവനാണല്ലോ ഈ മൗസ് (ചുണ്ടെലി)? അവന്റെ ചുണ്ടെലി എന്റെ കമ്പ്യൂട്ടറിനകത്ത് കയറി (നമ്മുടെ ഡോക്ടർമാർ ലാപ്രോസ്കോപ്പിക്ക് സർജറി നടത്തുന്നപോലെ) വേലകൾ കാണിച്ചു. ചുവപ്പുമഷിയുടെ ഹൈലൈറ്റർ കൊണ്ടു ഓരോരോ ഫയലുകളും ആ ടെക്കി ഹൈലൈറ്റു ചെയ്തു കാണിച്ചിട്ടു, ഈ ഫയലുകളെല്ലാം ആരോ മാനുവലായി ബ്ലോക്കു ചെയ്തിരിക്കയാണന്നു പറഞ്ഞു. ഈ വക കാര്യങ്ങളെല്ലാം എന്റെ കമ്പ്യൂട്ടർ

സ്ക്രീനിൽ കൂടെ ലൈവായി ഞാനും കാണുകയും ടെക്കിയുമായി തൽസമയം ഫോണിൽ കൂടെ സംസാരിക്കുകയുമാണ്. എല്ലാം എനിക്കു സഹിക്കാമായിരുന്നു എന്നാൽ അവന്റെ സംസാര രീതി, അവന്റെ ഒരു വക ക്രൂരവിനോദം പോലെയെനിക്കു തോന്നി.

ഞാൻ എന്നും ഓൺലൈൻ ബാങ്കുബാലൻസ് നോക്കുന്നവനാണ്. എണ്ണിച്ചുട്ടെടുത്ത അപ്പം പോലെ ഈയുള്ളവനും ഒരു ചെറിയ 'ബാങ്കുബാലൻസ്' ഉണ്ട്, അതാരും കാണരുതേ എന്നൊരു പ്രാർത്ഥനയുമുണ്ട്. എനിവേ അവൻ പറഞ്ഞു കമ്പ്യൂട്ടർ പ്രശ്നം പരിഹരിച്ചു തരാമെന്ന്. എനിക്കാശ്വാസമായി. ഇതിനോടകമായി ഒരു സുന്ദരിമായും, വേറൊരു മിഡിൽമാൻ ടെക്കിയുമായും സംസാരിച്ചു. ഇപ്പോൾ സംസാരിക്കുന്ന മൂന്നാമൻ സർവ്വജ്ഞാനിയായ ഒരു ടെക്കുയുമായാണ്. ആദ്യത്തേ രണ്ടു പേരും സാങ്കേതികതയേ പറ്റിയും, പണമിടപാടുകളെ പറ്റിയുമാണ് സംസാരിച്ചത്. ഒരു അൻപതു ഡോളർവരെ കൊടുക്കാൻ ഞാൻ മനസില്ലാമനസോടെങ്കിലും തയ്യാറാണ്. ആദ്യമെ സുന്ദരിയാണു എന്റെ ഹൃദയത്തിൽ ഭയം വിതച്ചത്. ആ തന്ത്രം കൊണ്ടവർ പണം കൊയ്യുകയും ചെയ്യുന്നു. കമ്പ്യൂട്ടർ സെക്യൂരിയിറ്റിയേ പറ്റിയുള്ള ആ ഭീതിയിൽ എന്റെ മനസിന്റെ സമനില തകിടം മറിഞ്ഞു. കാരണം എന്റെ 'ബാങ്ക് ബാലൻസ്.'

അവരുടെ ഏതോ രണ്ടു പ്രോഗ്രാം എന്റെ കമ്പ്യൂട്ടറിൽ അപ്‌ലോഡു ചെയ്തു. ഇതോടു കൂടി ശരിക്കും എന്താണ് അപ്‌ലോഡ് എന്നു മനസിലായി. കാരണം രണ്ടിനും കൂടെ നാനൂറ്റി നാൽപത്തി ഒൻപതു ഡോളർ. ലേബർ ഫ്രീ ആണെന്നു പറഞ്ഞു. ഇന്നത്തെ കാലത്തു ഇത്രയും നല്ലവരെ കാണാൻ പ്രയാസം. നാനൂറ്റിനാൽപത്തൊൻപതു എന്ന അക്കത്തെപറ്റി കേട്ടതിനു ശേഷം അവൻ പറഞ്ഞതൊന്നും ഞാൻ കേട്ടില്ല, കേട്ടെങ്കിൽ തന്നെയും ഒന്നും മനസിലായില്ല. എന്റെ ക്രെഡിറ്റ്കാർഡിൽ നിന്നും ആ കൊള്ളക്കാർ ഒരു ദയയും കൂടാതെ ആ തുക നിമിഷത്തിനകം അടിച്ചുമാറ്റി. എന്നിട്ടു കമ്പ്യൂട്ടർ 'വർക്കിംഗ് കണ്ടീഷനിൽ' ആക്കി. അതിനു ശേഷം ഇരുപത്തിനാലു മണിക്കൂറിനകം എനിക്കു മൂന്നു ഫോളോഅപ്കോളുകൾ! ഇനിയും ഒരു വർഷത്തേക്ക് എനിക്കു പേടിക്കാനില്ല, കാരണം ഈ തുകയിൽ ഒരു ഭാഗം ഒരു വർഷത്തേക്കു ഗ്യാരണ്ടിയാണ് പറഞ്ഞിരിക്കുന്നത്. ആയുഷ്ക്കാലം മുഴുവൻ കവർ ചെയ്യണമെങ്കിൽ ഒരു നാനൂറ്റി നാൽപത്തൊൻപതു ഡോളർ കൂടി വേണ്ടി വരും. അതടിച്ചു മാറ്റാനുള്ള ഒരു വിഫലശ്രമം ആ സുന്ദരി നടത്തിയിരുന്നു.

ഫോളോ അപ്കോളുകളിൽ അവരുടെ സേവനത്തെപറ്റിയുള്ള ഒരു സർവ്വേ ആയിരുന്നു പ്രധാന ഐറ്റം. അതായത് ഒന്നു മുതൽ പത്തുവരെ എങ്ങനെ റേറ്റു ചെയ്യുന്നു എന്ന്. ഞാൻ പത്തിൽ പത്തും കൊടുത്തു. കാരണം എന്റെ കമ്പ്യൂട്ടറിന്റെ പിടിവള്ളി അവരുടെ കൈവശമായി പോയില്ലെ? ഒരു വർഷത്തേക്കു അവർ പറയുന്ന പോലെ ഞാൻ അവരുടെ ഞാണിന്മേൽ ചാടിക്കളിച്ചല്ലേ പറ്റു; കാരണം ഊഹിക്കാമല്ലൊ?

എല്ലാം ഒരു സംശയദൃഷ്ടിയോടു കൂടി മാത്രം നോക്കുന്ന എനിയ്ക്കു വീണ്ടും 'ബോധോദയം' ഉണ്ടായി; രണ്ടുമാസം മുമ്പു വിളിച്ചു എന്നെ ഭയപ്പെടുത്തിയവളായിരുന്നോ ഈ സുന്ദരിയും? അവൾ അയച്ചു തന്ന 'ബഗ്' ആയിരുന്നോ എന്റെ കമ്പ്യൂട്ടറിനെ ധർമ്മസങ്കയത്തിലാക്കിയത്? എങ്കിൽ അവളെന്നെ പറ്റിച്ചു. എനിയ്ക്കു ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ....!

ഒരു നാലു ദിവസം കഴിഞ്ഞു എന്റെ ഇൻഷുറൻസ് ലേഡിയുമായി സംസാരമദ്ധ്യേ, യാദൃശ്ചികമായി ഈ വിഷയം പങ്കുവച്ചു. അവർ പറഞ്ഞു അവർക്കും ഇതേ പ്രശ്നം ഉണ്ടായി, പക്ഷേ അവർ ഇന്ത്യയിൽ വിളിക്കുന്നതിനു പകരം ഒരു ലോക്കൽ കമ്പ്യൂട്ടർ സ്ഥാപനത്തിൽ കൊണ്ടു പോയി പ്രശ്നം പരിഹരിച്ചു. ചെലവ് വെറും എഴുപത്തൊൻപതു ഡോളർ മാത്രം... പിന്നീടുള്ള അന്വേഷണത്തിലാണറിഞ്ഞതു നാട്ടിൽ നിന്നും വിളിച്ച് എന്നെ കൊള്ളയടിച്ച ആ കമ്പനി കഴിഞ്ഞ ഒന്നരവർഷമായി ഫ്ളോറിഡായിൽ നിന്നുമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നാണല്ലൊ ആപ്തവാക്യം?